ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
19 /07/2016.

ആർ.ഒ.സി.നം. 41/16/എസ്.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- 2016-17-ലെ ഉള്ളൂർ ഗ്രൂപ്പിനുള്ളിലെ സ്ഥലം മാറ്റം സംബന്ധിച്ച്.
സൂചന:- ശാന്തിക്കാരുടെ അപേക്ഷകൾ.

2016-17-ലെ ഉള്ളൂർ ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകളിന്മേൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

### ശ്രീ. സുബ്രഹ്മണ്യൻ നമ്പൂതിരി

ആവശ്യപ്പെട്ട ദേവസ്വങ്ങൾ ശാസ്തമംഗലം, കുന്നം ദേവസ്വം, കോയിക്കൽ ദേവസ്വം എന്നീ ക്രമത്തിലാണ് . ശ്രീ. സുബ്രഹ്മണ്യൻ നമ്പൂതിരിയ്ക്ക് പെൻഷൻ ആകാൻ ഒരു വർഷം മാത്രമേ ഉള്ളൂവെന്നും, ടിയാൻ ആവശ്യപ്പെട്ട ഒന്നാം ചോയിസായ ശാസ്തമംഗലം ദേവസ്വത്തിൽ ജോലി ചെയ്യുന്നതിനു ആഗ്രഹമുള്ളതു കൊണ്ടും, നാളിതുവരെ ടി ദേവസ്വത്തിൽ ജോലി ചെയ്തിട്ടില്ലാത്തതിനാലും ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. സുബ്രഹ്മണ്യൻ നമ്പൂതിരി ആവശ്യപ്പെട്ടിട്ടുള്ള ഒന്നാമത്തെ ചോയ്സിൽ ടിയാനേക്കാൾ സീനിയറായിട്ടുള്ളയാളിന് നൽകിയിട്ടുള്ളതിനാലും, ടിയാൻ ആവശ്യപ്പെട്ട രണ്ടാം ചോയിസായ കുന്നം ദേവസ്വം പരിഗണിച്ചിട്ടുള്ളതിനാലും അപ്പീൽ നിരസിക്കുന്നു.

ഈ ഉത്തരവ് 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ.
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻഫയൽ.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
19 /07/2016.

ആർ.ഒ.സി.നം. 41/16/എസ്.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- 2016-17-ലെ ഉള്ളൂർ ഗ്രൂപ്പിനുള്ളിലെ പാർട്ട്ടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.
സൂചന:- ശ്രീ. രാഹുൽ. റ്റി.ആർ. ന്റെ അപേക്ഷ.

2016-17-ലെ ഉള്ളൂർ ഗ്രൂപ്പിനുള്ളിലെ പാർട്ട്ടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിന്മേൽ ചുവടെ വിവരിക്കും പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്.

**ശ്രീ. റ്റി.ആർ. രാഹുൽ**

2016-ലെ പൊതു സ്ഥലം മാറ്റത്തിൽ ശ്രീ. റ്റി.ആർ. രാഹുൽ അപേക്ഷ ഹാജരാക്കിയിട്ടില്ലായെന്നും എന്നാൽ ടിയാനെ പ്ലാക്കീഴ് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയെന്നും അപ്പീലിൽ ബോധിപ്പിക്കുന്നു.

ശ്രീ. റ്റി.ആർ. രാഹുൽ പൊതുസ്ഥലം മാറ്റ അപേക്ഷകനല്ലാത്തതാണ്. ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വത്തിൽ മൂന്നു വർഷം കഴിഞ്ഞിട്ടുള്ളതുമാണ്. ആയതിനാൽ അപ്പീൽ അപേക്ഷ നിരസിച്ചുത്തര വാകുന്നു.

ഈ ഉത്തരവ് 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
( അഡ്മിനിസ്ട്രേഷൻ)
പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ .
2. സെക്ഷൻഫയൽ.
3. ഫെയർ ആഫീസ് കോപ്പി.
4. EDP Section

ശ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
*ഫോൺ : 0471 2315156; ഫാക്സ്:0471 2315156;*
*ഇമെയിൽ: devaswomcommissionertdb@gmail.com*

**ദേവസ്വം കമ്മീഷണർ ഓഫീസ്**

**ആർ.ഒ.സി. 38 /16/മിസ് എ** **തിരുവനന്തപുരം, 15/ 07/2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ ഉള്ളൂർ ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1) പി.ഡി.പാങ്കോട് ദേവസ്വം വാച്ചർ ശ്രീ.കെ.മനോഹരനായിഡുവിന്റെ അപേക്ഷ.

2) പാളയം വിനായകർ ദേവസ്വം വാച്ചർ ശ്രീ.എസ്.ദിവാകരന്റെ അപേക്ഷ.

3) ഉള്ളൂർ ദേവസ്വം വാച്ചർ ശ്രീ.പി.ആർ.പ്രശാന്തിന്റെ അപേക്ഷ.

4) ഗൗരീശപട്ടം ദേവസ്വം വാച്ചർ ശ്രീ.കെ.വിപിൻകുമാറിന്റെ അപേക്ഷ.

5) കോയിക്കൽ ദേവസ്വം വാച്ചർ ശ്രീ.എസ്.ബിനുരാജിന്റെ അപേക്ഷ.

6) സുമംഗലി ദേവസ്വം വാച്ചർ ശ്രീ.കെ.ഉണ്ണിയുടെ അപേക്ഷ.

7) ഒ.റ്റി.സി ദേവസ്വം വാച്ചർ ശ്രീ.എൻ.മണികണ്ഠന്റെ അപേക്ഷ.

8) ഇളംപുളിങ്ങൽ ദേവസ്വം വാച്ചർ ശ്രീ.ജി.ശശാംഗദൻ നായരുടെ അപേക്ഷ.

1) ശ്രീ.കെ.മനോഹരനായിഡു, വാച്ചർ, പി.ഡി.പാങ്കോട് ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ സുമംഗലി, അരുവിക്കര, പാങ്കോട് എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതും, പാങ്കോട് ദേവസ്വത്തിൽ തുടരുന്നതിന് അനുവദിച്ചിട്ടുള്ളതുമാണ്. സുമംഗലി കല്യാണ മണ്ഡപത്തിൽ ഒഴിവു വരുന്ന പക്ഷം ടിയാന്റെ ആദ്യ ചോയ്സ് അനുവദിച്ച് അപ്പീൽ അപേക്ഷ പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ്.

ഇപ്പോൾ ജോലിനോക്കുന്ന ദേവസ്വത്തിൽ മൂന്നുവർഷം കഴിഞ്ഞിട്ടില്ലാത്തതും, സുമംഗലി കല്യാണമണ്ഡപത്തിൽ മുമ്പ് ജോലി നോക്കിയിട്ടുള്ളതുമാകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2) ശ്രീ.എസ്.ദിവാകരൻ, വാച്ചർ , പാളയം വിനായകർ ദേവസ്വം

ടിയാൻ പൊതു സ്ഥലംമാറ്റത്തിൽ ഒ.റ്റി.സി, ഗൗരീശപട്ടം, ഇളംപുളിങ്ങൽ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും ആവശ്യപ്പെടാത്ത കഴക്കൂട്ടം ദേവസ്വത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതുമാണ്. ആകയാൽ കാവല്ലൂർകോണം ദേവസ്വത്തിലോ, ഒ.റ്റി.സി ദേവസ്വത്തിലേയ്ക്കോ മാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളതാണ്.

ടിയാൻ അപേക്ഷിച്ച ദേവസ്വങ്ങളിൽ സീനിയർമാർ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3) ശ്രീ.പി.ആർ.പ്രശാന്ത്, വാച്ചർ, ഉള്ളൂർ ദേവസ്വം

ടിയാന്റെ പ്രൊബേഷൻ കാലാവധി പൂർത്തിയാകുന്നതുവരെ ഉള്ളൂർ ദേവസ്വത്തിൽ തുടരാൻ അനുവദിക്കുന്നതിനാണ് അപേക്ഷ ഹാജരാക്കിയിട്ടുള്ളത്.

സീനിയർ അപേക്ഷകർ ഉള്ളതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

4) ശ്രീ.കെ.വിപിൻകുമാർ,വാച്ചർ, ഗൗരീശ്വപട്ടം ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ഒ.റ്റിസി, കാവല്ലൂർക്കോണം, പേരൂർ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതും രണ്ടാം ചോയ്സ് അനുവദിച്ചിട്ടുള്ളതും, ജൂനിയറായ ആളിന് ഒന്നാം ചോയ്സായ ഒ.റ്റി.സി ദേവസ്വം നൽകിയിട്ടുള്ളതിനാൽ അപ്പീൽ പരിശോധിച്ച് ഒന്നാം ചോയ്സ് അനുവദിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിക്ക് ഒ.റ്റി.സി ദേവസ്വം നൽകിയിട്ടുള്ളതിനാൽ ടിയാന്റെ രണ്ടാം ചോയ്സ് പരിഗണിച്ചിട്ടുള്ളതാണ്. ആകയാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5) ശ്രീ.എസ്.ബിനുരാജ്, വാച്ചർ, കോയിക്കൽ ദേവസ്വം

അരുവിക്കര, പി.ഡി.പാങ്കോട്, കോയിക്കൽ എന്നീ ദേവസ്വങ്ങളാണ് പൊതുസ്ഥലം മാറ്റത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ആവശ്യപ്പെടാത്ത പേരൂർ ദേവസ്വം അനുവദിച്ചിട്ടുള്ളതും, ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവുള്ള പിരപ്പൻകോട് ദേവസ്വത്തിലേയ്ക്കോ, അരുവിക്കര ദേവസ്വത്തിലേയ്ക്കോ, കോയിക്കൽ ദേവസ്വത്തിൽ തുടരുന്നതിനോ അനുവദിക്കുന്നതിനാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ടിയാന്റെ അപ്പീൽ പരിഗണിച്ച് ഒഴിവുള്ള പിരപ്പൻകോട് ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

6) ശ്രീ.കെ.ഉണ്ണി,വാച്ചർ, സുമംഗലി ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ കാവല്ലൂർക്കോണം, കേളമംഗലം, രാജരാജേശ്വരി എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും രണ്ടാം ചോയ്സായ കാവല്ലൂർകോണം അനുവദിച്ചിട്ടുള്ളതുമാണ്. സുമംഗലി കല്യാണ മണ്ഡപത്തിൽ നിയോഗിച്ചിരുന്ന ആൾ അപ്പീലിൽ മാറ്റം ആവശ്യപ്പെട്ടിട്ടുള്ളതിനാൽ സുമംഗലിയിൽ തുടരുന്നതിന് അനുവദിക്കണമെന്ന് അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളതാണ്.

സുമംഗലി കല്യാണമണ്ഡപത്തിലേയ്ക്ക് മറ്റ് സീനിയർ അപേക്ഷകർ ഉള്ളതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

7) ശ്രീ.എൻ.മണികണ്ഠൻ, വാച്ചർ, ഒ.റ്റി.സി ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ സുമംഗലി, ഗൗരീശ്വപട്ടം, പാളയം വിനായക ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ആദ്യ ചോയ്സായ സുമംഗലി അനുവദിച്ചു. എന്നാൽ മൂന്നാം ചോയ്സ് നൽകുന്നതിലേയ്ക്കാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ടിയാൻ ഒന്നാമതായി ആവശ്യപ്പെട്ട സുമംഗലികല്യാണമണ്ഡപത്തിലേയ്ക്ക് മാറ്റം അനുവദിച്ചിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

8) ശ്രീ.ജി.ശശാംഗദൻ നായർ, വാച്ചർ, ഇളംപുളിങ്ങൽ ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ നൽകിയിരുന്നില്ല. എന്നാൽ കഴക്കൂട്ടം ദേവസ്വത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതാണ്. ഒഴിവുള്ള ഉളിയാഴ്തുറ ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകുന്നതിനാണ് അപ്പീൽ നൽകിയിട്ടുള്ളത്.

നിലവിലെ ദേവസ്വത്തിൽ മൂന്നുവർഷം കഴിഞ്ഞിട്ടില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഉള്ളൂർ ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- ഗൗരീശപട്ടം ദേവസ്വം പഞ്ചവാദ്യം ശ്രീ.സി.ഗോപകുമാർ, കഠിനംകുളം ദേവസ്വം പഞ്ചവാദ്യം ശ്രീ.എസ്. സന്തോഷ്, കുളങ്ങര ദേവസ്വം പഞ്ചവാദ്യം ശ്രീ. ബി.രാജൻ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ. സി. ഗോപകുമാർ. (ഗൗരീശപട്ടം ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ പി.ഡി. പാങ്ങോട്, കരൂർ ദേവസ്വം, കുറ്റിയാനി എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാന്റെ സ്ഥലംമാറ്റത്തിൽ ടി ദേവസ്വങ്ങളൊന്നും പരിഗണിച്ചിട്ടില്ലെന്നും, ആകയാൽ കുറ്റ്യാനി ദേവസ്വം പഞ്ചവാദ്യമായി സ്ഥലം മാറ്റണമെന്നാണ് അപ്പീലിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2. ശ്രീ. എസ്. സന്തോഷ്. (കഠിനംകുളം ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കഠിനംകുളം ദേവസ്വത്തിൽ തന്നെ തുടരണമന്നാണ് അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്നത്

ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

3. ശ്രീ.ബി.രാജൻ. (കുളങ്ങര ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കുളങ്ങര ദേവസ്വത്തിൽ തുടരുന്നതിനും , ഇളം പുളിങ്ങൽ, തൃപ്പാപ്പൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാനെ ഇളം പുളിങ്ങൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റുകയും ടി സ്ഥലം മാറ്റം ക്യാൻസൽ ചെയ്ത് ടിയാനെ കുളങ്ങര ദേവസ്വത്തിൽ തുടരണമെന്നാണ് അപ്പീലിലൂടെ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവായിരിക്കുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

(മറുപുറം)

അംഗീകാരത്തോടെ

Sreelathi

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉളളൂർ.
2. സെക്ഷൻഫയൽ.

ശ. 3. EDP Section

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.39/16/MIS-B

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** ഉള്ളൂർ ഗ്രൂപ്പിലെ തകിൽ ജീവനക്കാരുടെ **2016-2017-** ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** പേരൂർ ദേവസ്വം തകിൽ ശ്രീ.എം.രഞ്ജിത്തിന്റെ അപ്പീൽ അപേക്ഷ.

ശ്രീ.എം.രഞ്ജിത്ത് പേരൂർ ദേവസ്വം

സൂചനാ പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ടിയാനെ പൊതു സ്ഥലം മാറ്റത്തിൽ കരിനംകുളം ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയിട്ടുള്ളത്. പൊതുസ്ഥലംമാറ്റത്തിൽ ശാസ്താമംഗലം, ഗൗരീശപട്ടം, എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, ഇവിടങ്ങളിൽ ഒഴിവില്ലാത്തപക്ഷം ടിയാനെ ഇപ്പോൾ ജോലി നോക്കുന്ന പേരൂർ ദേവസ്വത്തിൽ തന്നെ നിലനിർത്തണമെന്നാണ് അപ്പീലിൽ വിവരിച്ചിട്ടുള്ളത്.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെ ഗൗരീശ പട്ടം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റം **20.07.2016** മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-ഉള്ളൂർ**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**

EDP Section

RA

കേ.സി.നം.40/16/മിസ്.സി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഉള്ളൂർ ഗ്രൂപ്പിലെ തളി ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- കുളങ്ങര ദേവസ്വം തളി ശ്രീമതി. കെ. വത്സലാമ്മയുടെ അപേക്ഷ.

ശ്രീമതി. കെ. വത്സലാമ്മ (കുളങ്ങര):- പൊതു സ്ഥലം മാറ്റത്തിൽ ടിയാൾ പാളയം വിനായകർ, തുറുവിള, കാവല്ലൂർക്കോണം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും പിരപ്പൻകോട് ദേവസ്വത്തിലേയ്ക്കാണ് ടിയാളെ സ്ഥലം മാറ്റിയതെന്നും ആകയാൽ ഇളംപുളിങ്ങൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകുകയോ അല്ലാത്ത പക്ഷം കുളങ്ങര ദേവസ്വത്തിൽ തുടരാൻ അനുവദിക്കുകയോ വേണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാളുടെ ആദ്യ ചോയ്സ് സീനിയറിനു നൽകിയിട്ടുള്ളതിനാലും രണ്ട്, മൂന്ന് എന്നീ ചോയിസുകളിൽ ഒഴിവില്ലാത്തതിനാലും ഒഴിവുള്ള പിരപ്പൻകോട് ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകുകയാണുണ്ടായത്. ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഇളംപുളിങ്ങൽ ദേവസ്വത്തിൽ സ്ഥലം മാറ്റിയിട്ടുള്ള ശ്രീമതി. അംബികയുടെ ലീൻ പിരപ്പൻകോട് ദേവസ്വത്തിലേയ്ക്ക് മാറ്റിയും ശ്രീമതി. കെ. വത്സലാമ്മയെ ഇളംപുളിങ്ങൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelathi

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP section

ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.40/16/മിസ്.സി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഉള്ളൂർ ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- പേരൂർ ദേവസ്വം കഴകം കെ. സുരേഷ്കുമാറിന്റെ അപ്പീൽ അപേക്ഷ.

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിച്ചില്ലായെന്നും ടിയാനെ പൊതു സ്ഥലം മാറ്റത്തിൽ കഴക്കൂട്ടം ദേവസ്വത്തിലേയ്ക്കു സ്ഥലം മാറ്റിയെന്നും പേരൂർ ദേവസ്വത്തിൽ നില നിർത്തണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാൻ മൂന്നു വർഷം പൂർത്തിയാക്കിയിട്ടും അപേക്ഷ ഹാജരാക്കിയിട്ടില്ലാത്തതാകുന്നു. ആകയാൽ ടിയാനെ ഒഴിവുള്ള കഴക്കൂട്ടം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ നടപടി അംഗീകരിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ

[signature]

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section
ശ്രീ.